ബസ്സ്റ്റാൻറ്—കം—ഷോപ്പിംഗ് സെൻററിൻറെ ടെക്നിക്കൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പദ്ധതി അംഗീകരിക്കുന്ന കാര്യം ഗ്രാമവികസന ബോർഡിൻറെ പരിഗണനയിലാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II ചരമോപചാരം

ശ്രീ. കെ. സി. സെബാസ്റ്റ്യൻറെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: മുൻ രാജ്യസഭാംഗവും, ദീപികയുടെ തിരുവനന്തപുരം സ്പെഷ്യൽ കറസ്പോണ്ടൻറും, പത്രപ്രവർത്തന പ്രസ്ഥാനത്തിൽ ഒരു ''മഹാശൈല''വുമായിരുന്ന ശ്രീ. കെ. സി. സെബാസ്റ്റ്യൻ കഴിഞ്ഞ ഞായറാഴ്ച വെളുപ്പിന് കഥാവശേഷനായി. അരശതാബ്ദക്കാലത്തോളം തൻറെ അനുഗൃഹീതമായ തൂലികയുടെ മികവുറ്റ ചലനംകൊണ്ട് മലയാള പത്രപ്രവർത്തന രംഗത്ത് തനതായ ശൈലിയിലൂടെ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. സെബാസ്റ്റ്യൻ ഒരു വ്യക്തിയെന്നതിനേക്കാളേറെ ഒരു പ്രസ്ഥാനമായിരുന്നുവെന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല. വ്യക്തികളുടെ വലിപ്പച്ചെറുപ്പം കണക്കിലെടുക്കാതെ സ്നേഹശീതളവും ഹൃദ്യവുമായ പെരുമാറ്റംകൊണ്ട് വിശാലമായ ഒരു സുഹൃത്വലയം കെട്ടിപ്പടുത്ത അദ്ദേഹം മനുഷ്യബന്ധങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്തിയ ഒരു വലിയമനസ്സിൻറെ ഉടമയായിരുന്നു. രാഷ്ട്രീയത്തിനും മറ്റു താല്പര്യങ്ങൾക്കും അതീതമായി താനുമായി ഇടപെടാൻ കഴിഞ്ഞ എല്ലാ ആളുകളുടേയും മനസ്സിൽ തൻറെ സ്നേഹമധുരമായ പെരുമാറ്റംകൊണ്ട് മായാത്ത സ്മരണകൾ ഉളവാക്കാൻ കഴിഞ്ഞ ഒരു അപൂർവ്വ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിൻേറത്. യഥാർത്ഥത്തിൽ ശ്രീ. സെബാസ്റ്റ്യൻറെ മനസ് സ്നേഹത്തിൻറെ ഒരു നീരുറവയായിരുന്നു. വിദ്യാർത്ഥിരംഗത്ത് പ്രവർത്തിക്കുന്ന കാലം മുതൽ അദ്ദേഹവുമായി അടുത്ത് ബന്ധപ്പെടാൻ കഴിഞ്ഞ എന്നെ സംബന്ധിച്ചിടത്തോളം ചില നിർണ്ണായക സന്ദർഭങ്ങളിൽ അദ്ദേഹത്തിൻറെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വളരെയേറെ ഉപകരിച്ചിട്ടുണ്ട്.

നന്നേ ചെറുപ്പത്തിൽത്തന്നെ പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട ശ്രീ. സെബാസ്റ്റ്യൻ കർമ്മോൽസുകവും നിസ്വാർത്ഥവുമായ സേവനത്തിലൂടെ വളരെവേഗം ഒരു മുഴുവൻസമയ പത്രപ്രവർത്തകനായി മാറി. ദീപികത്തറവാട്ടിലെ തലമുതിർന്ന അംഗമെന്നു പറയാവുന്ന അദ്ദേഹം ആ ദിനപ്പത്രത്തിൻറെ യശസ്സുയർത്തുന്നതിൽ മുഖ്യമായ പങ്കു വഹിച്ചു. ദീപികയുടെ തിരുവനന്തപുരം ലേഖകൻ, ബ്യൂറോ ചീഫ്, രാഷ്ട്രീയ നിരൂപകൻ, സ്പെഷ്യൽ കറസ്പോണ്ടൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം ദീപികയുടെ എല്ലാമെല്ലാമായിരുന്നു. ഒരു പത്രപ്രവർത്തകൻറെ സമൂഹത്തോടുള്ള കടപ്പാട് അത്യന്തയാഥം അവബോധത്തോടെ ഉൾക്കൊള്ളുകയും കക്ഷിരാഷ്ട്രീയത്തിനതീതമായി, നിർഭയമായ, സ്വതന്ത്രമായ വിമർശനത്തിലൂടെ ''ജേർണലിസത്തിൻറെ'' മഹത്തായ മാതൃക ആ രംഗത്ത് വ്യാപരിക്കുന്ന എല്ലാവർക്കും എന്നും പിൻതുടരാവുന്ന രീതിയിൽ ഉയർത്തിക്കാട്ടുകയും ചെയ്തുകൊണ്ടുകൂടി അവിസ്മരണീയനായിത്തീർന്നിരിക്കുകയാണ് ശ്രീ. സെബാസ്റ്റ്യൻ. 1946 മുതൽ ഇന്നുവരെ ഒരേ രീതിയിൽ പത്രപ്രവർത്തന രംഗത്ത് ഒരേ സ്ഥാപനത്തിൽ ദീർഘകാല സേവനം നടത്തിയ മറെറാരു വ്യക്തി കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടോയെന്നു സംശയമാണ്. തിരുവിതാംകൂർ നിയമസഭ, തിരുവിതാംകൂർ–കൊച്ചി നിയമസഭ, കേരള നിയമസഭ എന്നിങ്ങനെ നമ്മുടെ ജനാധിപത്യസഭയുടെ എല്ലാ രൂപപരിണാമങ്ങളെയും വികാസത്തെയും നേരിൽ കാണുകയും ജനങ്ങളിലെത്തിക്കുകയും ചെയ്ത സെബാസ്റ്റ്യൻ നിയമസഭയിൽ അംഗമായിരുന്നില്ലെങ്കിലും നിയമസഭയുടെ ഒരു അവിഭാജ്യഘടകമായിരുന്നുവെന്ന് വിശേഷിപ്പിക്കാം. ശ്രീഘ്രമായ പ്രതികരണശേഷിയോടും സൂക്ഷ്മമായ നിരീക്ഷണപാടവത്തോടും അദ്ദേഹം നടത്തിയിരുന്ന നിയമസഭാവലോകനങ്ങൾ ഏതൊരു വായനക്കാരനേയും വിജ്ഞാനത്തിന്റെ പുതിയ സരണികളിലേയ്ക്ക് നയിക്കുവാൻ പര്യാപ്തമായിരുന്നു. നമ്മുടെ ഭാഷയിൽ ''രാഷ്ട്രീയ-പത്രപ്രവർത്തനം'' എന്നൊരു പുതിയ പത്രപ്രവർത്തന ശൈലി തന്നെ വാർത്തെടുക്കുവാൻ ശ്രീ. സെബാസ്റ്റ്യന് കഴിഞ്ഞു. കേരളത്തിലെ പത്രപ്രവർത്തക യൂണിയന്റെ ആദ്യകാല പ്രവർത്തകനായും തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ സംഘാടകനായും സെക്രട്ടറിയായും ട്രഷററായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദീർഘകാലം നിയമസഭാ റിപ്പോർട്ടിംഗ് നിർവ്വഹിച്ചിരുന്ന അദ്ദേഹം നിയമസഭയുടെ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണികയ്ക്ക് ''ഒറനോട്ടത്തിൽ—കേരള സംസ്ഥാന നിയമസഭ അന്നും ഇന്നും'' എന്നൊരു ശ്രദ്ധേയമായ ലേഖനം സംഭാവന ചെയ്തിട്ടുണ്ട്. കേരള നിയമസഭയുടെ ഇരുപത്തിയഞ്ചു കൊല്ലത്തെ പ്രവർത്തനം ഒരു സ്വതന്ത്രനായ പത്രപ്രവർത്തകന്റെ ദൃഷ്ടിയിൽ വിലയിരുത്തുകയാണ് അദ്ദേഹം ആ ലേഖനത്തിൽ ചെയ്തിട്ടുള്ളത്.

1979–ൽ ശ്രീ. സെബാസ്റ്റ്യൻ കേരളത്തിൽ നിന്നും രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1985 വരെ രാജ്യസഭാംഗമായിത്തുടർന്ന അദ്ദേഹം പ്രശംസനീയമായ രീതിയിൽ ആ രംഗത്ത് സേവനമനുഷ്ഠിച്ചു. രാജ്യസഭാംഗമായിരിക്കുമ്പോഴുള്ള തന്റെ അനുഭവങ്ങളും സ്മരണകളും ''യാത്രയ്ക്കിടയിൽ'' എന്ന ഒരു പംക്തിയിൽക്കൂടി അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യന്റെ നിര്യാണം മൂലം സ്നേഹധനനായ ഒരു സുഹൃത്തിനേയും പ്രതിഭാശാലിയായ ഒരു പത്രപ്രവർത്തകനേയും സർവ്വോപരി ഉന്നതനായ ഒരു സാമൂഹ്യസേവകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

പരേതനോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ബഹുമാന സൂചകമായി സഭ അൽപ്പനേരം എഴുന്നേറ്റു നിന്നു.)

III. സ്പീക്കറുടെ അറിയിപ്പ്

ചരമോപചാരം അർപ്പിക്കുന്നതിനെ സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ ബിസിനസ് അഡ്വൈസറി കമ്മിറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങളും, മുൻപാർലമെന്റംഗങ്ങളും, മലബാർ പ്രദേശത്തുനിന്നും മദിരാശിനിയമസഭയിലും കൗൺസിലിലും അംഗങ്ങളായിരുന്നവർ, എന്നിവരുടെ നിര്യാണവേളയിൽ ചരമോപചാരം അർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു പുതിയ കീഴ്വഴക്കം നമ്മൾ അതുവഴി ഉണ്ടാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly